50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 6805.83 ലക്ഷം

(ഇ) ഉണ്ട്. 2014 ആഗസ്റ്റ് മാസം വരെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്.

(എഫ്) ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ലഭ്യമാക്കി പെൻഷൻ വിതരണം നടത്തുന്നതാണ്.

**സ്നേഹപൂർവ്വം പദ്ധതി**

407 (1853) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്നേഹപൂർവ്വം പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്; കഴിഞ്ഞ അദ്ധ്യയന വർഷം സ്കോളർഷിപ്പ് നൽകിയത് വൈകിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഇനത്തിൽ കഴിഞ്ഞ അദ്ധ്യയനവർഷം എന്ത് തുക ചെലവഴിച്ചു ?

ഉത്തരം

6-6-2012-ലെ സ.ഉ.(എംഎസ്.) 36/2012/സാക്ഷേവ നമ്പർ ഉത്തരവ് പ്രകാരം സ്നേഹപൂർവ്വം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-14 അദ്ധ്യയന വർഷത്തെ ആനുകൂല്യത്തിനുവേണ്ടി അപേക്ഷിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലായിരുന്നു. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് മാത്രമായി ആനുകൂല്യം പരിമിതപ്പെടുത്തിയിരുന്നത് കണക്കിലെടുക്കാതെ അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ കണ്ടെത്തി തരംതിരിക്കുന്നതും അപേക്ഷയിലെ അപാകതകൾ പരിഹരിച്ച് വാങ്ങുന്നതും ശ്രമകരമായ ജോലിയായതിനാൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിട്ട കഴിഞ്ഞ അദ്ധ്യയന വർഷത്തെ (2013-14) സ്നേഹപൂർവ്വം പദ്ധതി ധനസഹായം അനുവദിക്കുന്നതിന് 11,41,96,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

**മാവേലിക്കരയിലെ മാതൃകാ അംഗൻവാടി**

408 (1854) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 32-ാം നമ്പർ അംഗൻവാടിയിൽ 4 വർഷത്തോളം ഹെൽപ്പറായി ജോലി ചെയ്തിരുന്ന തഴക്കര ചെറുകുന്നം മലയിൽ വീട്ടിൽ രാധാമണിയെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രാധാമണിയെ ഹെൽപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുമോ ; ഏത് അംഗൻവാടിയാണ് മാതൃകാ അങ്കൻവാടിയാക്കി മാറ്റിയിരിക്കുന്നത്; നിലവിൽ ഇതിന്റെ സ്ഥിതി വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly